K23U 4114

Reg. No.: ...............................

Name : ...................................

**I Semester B.Com./B.B.A./B.B.A.(TTM)/B.B.A.( RTM)/B.T.T.M./B.B.A.(AH) Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2023**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-1MAL : സാഹിത്യ രൂപങ്ങൾ**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) *മോഹൻദാസ് കരംചന്ദ് ഗാന്ധിയും നാഥൂറാം ഗോഡ്സേയും* – എന്ന കവിതയ്ക്ക് സമകാലീക പ്രസക്തിയുണ്ട്. ചർച്ച ചെയ്യുക.

2) കെ. ജി. ജോർജും മലയാള സിനിമയും – ആദാമിന്റെ വാരിയെല്ല് മുൻനിർത്തി വിശദികരിക്കുക.

3) സാർവ്വലൗകികമായി സ്ത്രീകൾ അനുഭവിക്കുന്ന സങ്കീർണതകൾ ഏകതാനകമാണ് അതുകൊണ്ടുതന്നെ ഈ നാടകത്തിലെ സ്ത്രീകഥാപാത്രങ്ങൾക്കൊന്നും പേരില്ല – ലേബർ റൂം നാടകം മുൻനിർത്തി വിശദീകരിക്കുക.

4) മനുഷ്യന്റെ അദമ്യമായ ദാഹങ്ങളുടെയും അടക്കാനാവാത്ത മോഹങ്ങളുടെയും ആഖ്യാനമാണ് 'ആയുസ്സിന്റെ പുസ്തകം' – വിലയിരുത്തുക. **(2×7=14)**

II. **ഓരോന്നും 150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) മലയാള ചലച്ചിത്ര ഗാനങ്ങളുടെ സവിശേഷതകളായി എസ്. ശാരദക്കുട്ടി ചൂണ്ടി കാണിക്കുന്നത് എന്തെല്ലാമാണ് ?

6) "കായൽക്കരയിൽ വെച്ച് ജ്യേഷ്ഠൻ അനുജനോട് ഒരു കഥ പറഞ്ഞു." എന്താണ് പറഞ്ഞ കഥ ? സന്ദർഭം വിശദികരിക്കുക.

7) ആധുനിക മനുഷ്യന്റെ വികസന ഭ്രാന്തിൽ നിന്നുയരുന്ന വിഹ്വലതകളെ സമർത്ഥമായി ആവിഷ്കരിക്കുകയാണ് ആറ്റൂരിന്റെ മൊട്ട എന്ന കവിതയിൽ – വിലയിരുത്തുക.

P.T.O.



8) കടൽക്കാക്കകൾ സർവതന്ത്ര സ്വതന്ത്രതയുടെ പ്രതീകങ്ങളാണ്, സ്വച്ഛതയുടെയും സൗമ്യതയുടെയും പ്രകട രൂപങ്ങൾ – വൈലോപ്പിള്ളിയുടെ *കടൽകാക്കകൾ* മുൻനിർത്തി വിശദീകരിക്കുക.

9) ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലെ അടിസ്ഥാന പ്രകൃതമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാമാണ് ?

10) മണൽ എന്ന പാരിസ്ഥിതിക ബിംബത്തെയും കാലം എന്ന അമൂർത്തവുമായ ചലന ബിംബത്തെയും സമന്വയിച്ചുള്ള മാനവിക വീക്ഷണങ്ങളാണ് – കെ. ജി. എസ്സിന്റെ മണൽകാലം എന്ന കവിതയിൽ -സമർത്ഥിക്കുക. **(4×3=12)**

III. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) ഒരേ മണലിൽ കളിച്ചും നിഴലളന്നും കുഞ്ഞു നേരങ്ങളോടി – ആശയം വിശദീകരിക്കുക.

12) എഴുത്തുകാരന്റെ മരണം എന്ന ആശയം കൃത്യമായി സംഭവിക്കുന്നത് പാട്ടുകളിലാണ് – വിശദീകരിക്കുക.

13) ആത്മപ്രതിരോധം സാധ്യമാക്കുന്ന വഴികൾ തൊട്ടാവാടിച്ചെടി പെൺകുട്ടിക്ക് പറഞ്ഞു കൊടുക്കുന്നത് എപ്രകാരമാണ് ?

14) 'ലോഹിതാക്ഷൻ എന്ന ബാർബർ ഒരു അധമ കഥാപാത്രമാണ്' – സൂചിതമെന്ത് ?

15) ഭാഷയെ വൈദ്യുതീകരിക്കുന്ന കലയാണ് ചുള്ളിക്കാടിന്റെ കവിതയുടെ മാത്രം പ്രത്യേകതയാണ് എന്ന് സജയ് കെ. വി. സൂചിപ്പിക്കാനുള്ള പ്രധാന കാരണങ്ങളെന്ത് ?

16) 'അരി വാങ്ങുവാൻ ക്യൂവിൽ –
ത്തിക്കിനിൽക്കുന്നു ഗാന്ധി ...' – സന്ദർഭം എന്ത് ? **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) എൻ. വി. കൃഷ്ണവാര്യർ

18) കെ. ജി. ജോർജ്

19) ആറ്റൂർ രവിവർമ്മ

20) തൊട്ടാൽ വാടരുത്

21) ആദാമിന്റെ വാരിയെല്ല്

22) ബാലചന്ദ്രൻ ചുള്ളിക്കാട്. **(4×1½=6)**

______________